**പതിനാലാം കേരള നിയമസഭ**

**പത്തൊൻപതാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 2418 — 12.03.2020 -ൽ മറുപടിയ്ക്ക്

**ലൈവ് സ്റ്റോക്ക് ഇൻസ്പെക്ടർമാരുടെ ഫീൽഡ് ഡ്യൂട്ടി**

| ചോദ്യം | മറുപടി |
| --- | --- |
| **ശ്രീ.അബ്ദുൽ ഹമീദ്.പി** | **ശ്രീ.കെ.രാജു**<br>(വനവും മൃഗസംരക്ഷണവും ക്ഷീരവികസനവും മൃഗശാലകളും വകുപ്പ് മന്ത്രി) |
| (എ) ലൈവ് സ്റ്റോക്ക് ഇൻസ്പെക്ടർമാരുടെ ഫീൽഡ് ഡ്യൂട്ടി സമയം എങ്ങനെയാണ് ക്രമീകരിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കാമോ; | (എ) ആനിമൽ ഹസ്ബന്ററി ഡിപ്പാർട്ട്മെന്റ് മാന്വലിൽ ചാപ്റ്റർ - II ലെ സെക്ഷൻ നമ്പർ 3- ൽ ഖണ്ഡിക നമ്പർ 7 ലെ ഡ്യൂട്ടീസ് ആൻഡ് ഫങ്ഷൻസിൽ വെറ്ററിനറി സബ് സെന്ററിൽ ജോലി ചെയ്യുന്ന ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർ-മാരുടെ ഫീൽഡ് ഡ്യൂട്ടി സമയത്തെപ്പറ്റി പ്രതിപാദിച്ചിട്ടുണ്ട്.<br><br>രാവിലെ 9 മുതൽ 9.30 വരെ ഫീൽഡ് വർക്ക് നടത്തി ഫീൽഡ് നോട്ട് ബുക്കിൽ ദിവസേന രേഖപ്പെടുത്തേണ്ടതാണ് . |
| (ബി) പ്രസ്തുത ജീവനക്കാരുടെ ഫീൽഡ് ഡ്യൂട്ടി സമയം ദുരുപയോഗം ചെയ്യപ്പെടുന്നതായ പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഫീൽഡ് ഡ്യൂട്ടി സ്റ്റാഫ് അവരുടെ ഫീൽഡ് ഡ്യൂട്ടി കൃത്യമായി നിർവഹിക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്താറുണ്ടോയെന്ന് വ്യക്തമാക്കാമോ; | (ബി) ഉണ്ട്.<br><br>ഫീൽഡ് സ്റ്റാഫ് അവരുടെ ഫീൽഡ് ഡ്യൂട്ടി കൃത്യമായി നിർവ്വഹിക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തുന്നതിനായി താഴെ പറയുന്ന പരിശോധനാ സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്.<br><br>1.വെറ്ററിനറി സബ് സെന്ററിലെ ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർമാരുടെ നിയന്ത്രണാധികാരം അതാത് പഞ്ചായത്തിലെ വെറ്ററിനറി സർജൻമാർ/ സീനിയർ വെറ്ററിനറി സർജൻമാർക്ക് നൽകിയിട്ടുണ്ട് .<br><br>2. കൂടാതെ താലൂക്കിലെ ആർ.എ.എച്ച്.സി കളിലെ എ.പി.ഒ മാർക്ക് ആകസ്മിക പരിശോധന നടത്തുന്നതിന് ടാർജറ്റ് നിശ്ചയിച്ച നൽകിയിട്ടുണ്ട്. |

3.ജില്ലയിലെ ഡെപ്യൂട്ടി ഡയറക്ടറെ വിജിലൻസ് ആഫീസറാക്കിയിട്ടുണ്ട്.

4. ജില്ലയിലെ ഡെപ്യൂട്ടി ഡയറക്ടർ, ജില്ലാ മൃഗസംരക്ഷണ ആഫീസർ, ചീഫ് വെറ്ററിനറി ഓഫീസർ എന്നിവർക്കും വെറ്ററിനറി സബ്സെന്ററുൾപ്പടെയുള്ള വകുപ്പ് സ്ഥാപനങ്ങളിൽ ആകസ്മിക പരിശോധന നടത്തുന്നതിന് ടാർജറ്റ് നിശ്ചയിച്ച് നൽകിയിട്ടുണ്ട്.

5.ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർമാർ-ക്കെതിരായി ലഭിക്കുന്ന പരാതികളിൽ വകുപ്പുതലത്തിൽ ആവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു. ടി നടപടികളിലൂടെ ഫീൽഡ് ഡ്യൂട്ടി സമയം ദുരുപയോഗം ചെയ്യുന്നതുപോലുള്ള പ്രവണതകൾ പരമാവധി ഒഴിവാക്കുന്നതിനു വകുപ്പ് ശ്രമിച്ചുവരുന്നു.

(സി) ലൈവ് സ്റ്റോക്ക് ഇൻസ്പെക്ടർമാരുടെ സേവനം കർഷകർക്ക് കൂടുതൽ ഉപയോഗപ്പെടുത്താൻ സഹായിക്കുന്ന വിധത്തിൽ ഈ വിഭാഗം ഉദ്യോഗസ്ഥർക്ക് കൃത്യമായ പരിശീലനം നൽകുന്നതിനും ഇവരുടെ പ്രവർത്തനം മോണിറ്റർ ചെയ്യുന്നതിനും കൂടുതൽ ഫലപ്രദമായ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുമോ?

(സി) ഈ മേഖലയുമായി ബന്ധപ്പെട്ട വൊക്കേഷണൽ ഹയർ സെക്കന്ററി കോഴ്സ് (ലൈവ്സ്റ്റോക്ക് മാനേജ്മെന്റ്) പാസ്സായവരെയാണ് ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർമാരായി PSC മുഖേന തെരഞ്ഞെടുക്കുന്നത്, ഇവർക്ക് 6 മാസം ഇൻസർവ്വീസ് പരിശീലനം നൽകുന്നു.

ഇവർക്ക് പ്രാഥമിക ശുശ്രൂഷ, പശുക്കളിലെയും ആടുകളിലെയും കൃത്രിമ ബീജാധാനം വാക്സിനേഷൻ തുടങ്ങിയ മേഖലകളിൽ കരിക്കുലം അനുസരിച്ചുള്ള പരിശീലനങ്ങളും നൽകുന്നു. നിലവിൽ ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടറായി ജോലി നോക്കുന്നവർക്ക് വിവിധ വിഷയങ്ങളിൽ KLDB, IMG, LMTC തുടങ്ങിയ സ്ഥാപനങ്ങളിൽ റിഫ്രഷർ ട്രെയിനി-ങ്ങുകളും നൽകി വരുന്നു.

സെക്ഷൻ ഓഫീസർ